DECEMBER 2022 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. അല്ല ബത്ത്ശേബാ, നീ എനിക്കു ബത്ത്ശേബയാണ് ഇന്നും, എന്നും - ഇവിടെ അർത്ഥമാക്കുന്നതെന്ത്?

2. അങ്ങ് സഖിയെയാണ് തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല - ബത്ത്ശേബ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

3. കിരീടങ്ങൾക്കു ഭാരം കുറയും - ഇവിടെ അർത്ഥമാക്കുന്നതെന്താണ്?

4. വേദനയോടെയാണെങ്കിലും ആ അദ്ധ്യായമവസാനിച്ചു. ഇനി ലോകം നമുക്ക് സ്വതന്ത്രമാണ് - ആരുടെ അഭിപ്രായമാണിത്?

5. ഞാനിപ്പോൾ വിശപ്പു തന്നെയാണ് എന്നു പറയുന്നതാര്? കാരണമെന്ത്?

6. ഇസഹാക്കിന്റെ നാക്കിന്റെ മൂർച്ച വാളിനുമുണ്ടായിരുന്നെങ്കിൽ എന്ന് ചിന്തിക്കുന്നതാര്? എന്തു കൊണ്ട്?

7. കുന്നുംപുറത്തെ ദേവയാനിക്ക് ഒന്നുമില്ല - ഇവിടെ സൂചിപ്പിക്കുന്നതെന്ത്?

8. എത്രകാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

9. പ്രഭാകരൻപിള്ളയുമായി രാമൻ സംഘർഷമുണ്ടാക്കാൻ കാരണമെന്ത്?

10. പ്രഭാകരൻപിള്ള എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നതെങ്ങനെ?

11. ഒരു പെങ്കൊച്ചിന്റെ ജന്മം തൊലച്ചാ മൂന്നു മാസമേ ഒള്ളോ ശിക്ഷ - ആരുടെ വാക്കുകൾ?

12. മീനാക്ഷി എന്ന കഥാപാത്രത്തിനുള്ള പ്രസക്തിയെന്ത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. നാടകത്തിൽ സംഘർഷത്തിനുള്ള സ്ഥാനത്തെക്കുറിച്ച് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തെ ആസ്പദമാക്കി വിവരിക്കുക.

14. ഊറിയായുടെ മരണവൃത്താന്തമറിയുന്ന ബത്ത്ശേബയുടെ പ്രതികരണം എന്തായിരുന്നു? വിശദമാക്കുക.

15. ബത്ഷേശേബ, ഞാനൊരു ഏകാന്തനാണ്. ഒരു ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകി - ദാവീദ് ഇങ്ങനെ പറയാൻ കാരണമെന്ത്?

16. ശത്രുവിനെ എറിഞ്ഞു കൊല്ലുന്നത് ഇടയക്കുട്ടികൾക്കു ചേരും - സന്ദർഭവും ആശയവും എഴുതുക.

17. വിശ്വംഭരനും ദേവയാനിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദമാക്കുക.

18. നാടകവും സിനിമയും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

19. തിരക്കഥയ്ക്ക് സിനിമയിലുള്ള സ്ഥാനം പെരുവഴിയമ്പലത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. ബൈബിളിലെ ലഘുകഥയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സി.ജെ. യുടെ നാടകം പുതിയൊരു അന്തരീക്ഷത്തെ കാണിച്ചുതരുന്നു. - വിശദീകരിക്കുക.

21. പാപഫലമായ ദുരന്താനുഭവങ്ങളിലൂടെ മഹത്വത്തിലേക്ക് ഉയർന്ന കഥാപാത്രമാണ് നാടകത്തിലെ ദാവീദ് രാജാവ് - ഉപന്യസിക്കുക.

22. മാനുഷികതയുടെ അടിസ്ഥാനമൂല്യങ്ങളെ വിലയിരുത്തുകയാണ് പെരുവഴിയമ്പലം - ഉപന്യസിക്കുക.

23. ചലച്ചിത്രത്തിന്റെ രൂപരേഖയാണ് തിരക്കഥയെന്ന അഭിപ്രായം പരിശോധിക്കുക.

24. ആൾക്കൂട്ടത്തിന്റെ പല ആംഗിളുകളിൽ നിന്നുള്ള കാഴ്ച പെരുവഴിയമ്പലത്തെ വ്യത്യസ്തമായ അനുഭവമാക്കുന്നു. - ചർച്ച ചെയ്യുക.

———————